## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3105** **19/06/2018-ൽ മറുപടിയ്ക്ക്**

## കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ മുടങ്ങി കിടക്കുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാൻ കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) & (ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് പെൻഷൻ ഇ.പി.എഫ്. പദ്ധതി വഴി നിലവിൽ നൽകിവരുന്നു. |
| (ഡി) സമാന പ്രവർത്തന രീതിയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ? | (ഡി) ഇല്ല. |

(contd...........)

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് മാനേജ്മെന്റ് തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഇ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തൊഴിലാളികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ട്രേഡ് യൂണിയനുകളുമായി മാനേജ്മെന്റ് ചർച്ച നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**